അടിയന്തിരം

ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി നിർദ്ദേശിച്ചിരിക്കുന്നത് പ്രകാരം Sept 30 ന് നടക്കുന്ന എഞ്ചിനീയേഴ്സ് കോൺഗ്രസ് - 2017 ൽ യോഗ്യതയുള്ള എഞ്ചിനീയർമാർ ബെസ്റ്റ് എഞ്ചിനീയർ അവാർഡിന് (AE, AEE, EE) വേണ്ടി Controlling Officer ടെ nomination സഹിതം 15/9/17 നകം ഭരണവിഭാഗം ചീഫ് എഞ്ചിനീയർ കാര്യാലയത്തിൽ എത്തിക്കേണ്ടതാണ്


പൊതുമരാമത്തും രജിസ്ട്രേഷനും
വകുപ്പുമന്ത്രിയുടെ സ്പെഷ്യൽ
പ്രൈവറ്റ് സെക്രട്ടറി
കേരളം

ഗവൺമെന്റ് സെക്രട്ടേറിയറ്റ്
തിരുവനന്തപുരം-695 001
ഓഫീസ് : 0471-2333487
0471-2518???
മൊബൈൽ : 9495823457


No. 648/ Spl.PS/ M(PWD&R)/ 2017

തീയതി 07.09.2017

സർ,

24/8/17 ലെ ചീഫ് എഞ്ചിനീയറുടെ സർക്കുലർ

Sd/-
CE
Admn

സംസ്ഥാനത്ത് പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള അസിസ്റ്റന്റ് എഞ്ചിനീയർമാർ മുതൽ മുകളിലോട്ടുള്ള എല്ലാം എഞ്ചിനീയർമാരെയും പങ്കെടുപ്പിച്ചുകൊണ്ട് **നടത്തുന്ന എഞ്ചിനീയേഴ്സ് കോൺഗ്രസ് –2017** സെപ്തംബർമാസം 30-ാം തീയതി രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ കേരള യൂണിവേഴ്സിറ്റി സെനറ്റ് ഹാളിൽ വച്ച് നടത്താൻ ബഹു. പൊതുമരാമത്തും രജിസ്ട്രേഷവും വകുപ്പ് മന്ത്രി ഉദ്ദേശിക്കുന്നു. പ്രസ്തുത പരിപാടി വിജയിപ്പിക്കുന്നതിന് ഹാൾ ബുക്ക് ചെയ്യുക, ക്ഷണക്കത്ത് അച്ചടിക്കുക, പ്രാസംഗികരെ ക്ഷണിക്കുക, പന്തൽ കെട്ടുക, ആഹാരം ഏർപ്പാടാക്കുക തുടങ്ങിയ കാര്യങ്ങൾ അടിയന്തിരമായി നിർവ്വഹിക്കണമെന്ന ബഹു. മന്ത്രിയുടെ നിർദ്ദേശം അറിയിക്കുന്നു.

എഞ്ചിനീയേഴ്സ് കോൺഗ്രസിനോടനുബന്ധിച്ച് സംസ്ഥാനതലത്തിൽ ആദ്യമായി ഒരു എക്സിക്യൂട്ടീവ് എഞ്ചിനീയറേയും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറേയും ഒരു അസിസ്റ്റന്റ് എഞ്ചിനീയറേയും ബെസ്റ്റ് എഞ്ചിനീയർമാരായി തെരഞ്ഞെടുത്ത് സമ്മാനം നൽകി ആദരിക്കാൻ ഉദ്ദേശിക്കുന്നു. അതിനായി ചീഫ് എഞ്ചിനീയർ (മെയിന്റനൻസ്), പ്രോജക്ട് ഡയറക്ടർ (കിഫ്ബി) എന്നിവർ മെമ്പർമാരും ചീഫ് എഞ്ചിനീയർ (ഭരണം) കൺവീനറുമായി ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്. അഴിമതി രഹിതനായ, പണി സ്ഥലങ്ങൾ സന്ദർശിക്കുന്ന, 2016-17, 2017-18 ബജറ്റ് പണി പരമാവധി ചെയ്തിട്ടുള്ള, തീരദേശ ഹൈവേ, മലയോര ഹൈവേ എന്നിവയുടെ പണികൾ ഏറ്റവും കൂടുതൽ പൂർത്തീകരിച്ചിട്ടുള്ളവരെയാണ് തെരഞ്ഞെടുക്കേണ്ടതെന്ന ബഹു. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രിയുടെ നിർദ്ദേശവും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

CE

ചീഫ് എഞ്ചിനീയർ
പൊതുമരാമത്ത് വകുപ്പ്
(ഭരണ വിഭാഗം)
തിരുവനന്തപുരം.